ഉത്തരം

(എ) കേന്ദ്രസംഘായത്തിന് നിർദ്ദേശം സമർപ്പിക്കുന്നതാണ്.

(ബി) കൊച്ചിയിലെ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി Detailed Project Report (DPR) തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ Hospital Services Consultancy Corporation (India) Limited (HSCC)നെ ചുമതലപ്പെടുത്തുകയും അവർ തയ്യാറാക്കിയ കരട് DPR 28-6-2014-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ 6/6 മിഷൻ പദ്ധതിയിലുൾപ്പെടുത്തി ആഗസ്റ്റ് മാസത്തിൽ ശിലാസ്ഥാപനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൃാനഃയിൻ എഗൻസ്റ്റ് കൃാൻസർ

11 (6716) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "കൃാനഃയിൻ എഗൻസ്റ്റ് കാൻസർ" എന്ന പ്രചരണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ആരെയെല്ലാമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രചരണ പരിപാടിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് : വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ സ്ത്രീകളിൽ പ്രധാനമായും കണ്ടുവരുന്നത് സ്തനാർബുദവും ഗർഭാശയ കാൻസറും പുരുഷന്മാരിൽ ഇത് വദനാർബുദവും ശ്വാസകോശാർബുദവുമാണ്. ഇതിൽ വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ എന്നിവ മുൻകൂട്ടി കണ്ടെത്താൻ സാധിക്കുന്നതും നിർണ്ണയിക്കപ്പെട്ടാൽ നൂറു ശതമാനവും ചികിത്സിച്ചു ഭേദമാക്കാവുന്നതുമാണ്. ഈ വസ്തുതകൾ മുൻനിറുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ കാൻസർ രോഗനിർണ്ണയം നടത്തുന്നതിനും രോഗബാധിതരെ കണ്ടുപിടിച്ച് ചികിത്സ നിർദ്ദേശിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാനമായ ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനോടകംതന്നെ കാൻസർ ഉണ്ടാകാൻ സാധ്യതയുള്ള ജീവിതശൈലികളെക്കുറിച്ചും കാൻസർ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള ബോധവത്ക്കരണ പരിപാടികളും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിലൂടെ കാൻസർ രോഗബാധ നിർണ്ണയം നടത്തുന്നതിനും പരിചരണം ലഭ്യമാക്കുന്നതിനും കാൻസർ രോഗികളുടെ ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനും സാധിക്കുന്നു. കൂടാതെ,

- National Programme for Prevention and Control of Cancer, Diabetes, Cardiovascular Disease and Stroke (NPCDCS) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിലെയും തിരുവനന്തപുരം ജില്ലയിലെയും ഗ്രാമീണരായ സ്ത്രീകളിൽ സ്തനം, ഗർഭാശയഗളം, വായ് എന്നീ ഭാഗങ്ങളിൽ ഉണ്ടാകുന്ന കാൻസറിനെക്കുറിച്ചും കാൻസറിന് മുന്നോടിയായ മാറ്റങ്ങളെക്കുറിച്ചും അവലോകനം നടത്തുക.
- മുകളിൽപ്പറഞ്ഞ ആറു ജില്ലകളിലുമുള്ള ജനങ്ങൾക്ക് പ്രാഥമിക കാൻസർ പ്രതിരോധത്തിനുവേണ്ട അവബോധം നൽകുക.
- മുകളിൽ പറഞ്ഞ ജില്ലകളിൽ നിന്നും കാൻസർ സ്ക്രീനിംഗിന് എത്തുന്ന ആളുകളുടെ നിരക്ക് അവലോകനം ചെയ്യുക.
- പ്രസ്തുത ജില്ലകളിലെ ജനങ്ങളിൽ പുകയില ഉപയോഗത്തിന്റെയും മദ്യപാനത്തിന്റെയും തോത് വിലയിരുത്തുക.
- മേൽപ്പറഞ്ഞ ജില്ലകളിൽ പരിശീലനം ലഭിച്ച നഴ്സുമാർ സ്തനം, വായ് എന്നിവ പരിശോധിക്കുന്നത് എത്രമാത്രം കാര്യക്ഷമമാണെന്ന് വിലയിരുത്തുക.
- പാപ്സ്മിയർ സ്ക്രീനിംഗിനായി എത്തുന്നവരുടെ നിരക്ക് അവലോകനം ചെയ്യുക.
- മേൽപ്പറഞ്ഞ ജില്ലകളിൽ എത്രമാത്രം കാൻസർ രോഗികളുണ്ടെന്ന് അവലോകനം ചെയ്യുക.

(സി) സംസ്ഥാന ആരോഗ്യവകുപ്പ്, എൻ.ആർ.എച്ച്.എം., ആർ.സി.സി. തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. ഇതിൽ ആർ.സി.സി. പദ്ധതിയുടെ മേൽനോട്ടവും പരിശീലനവും സാങ്കേതിക സഹായവും ഉറപ്പുവരുത്തുമ്പോൾ ആരോഗ്യവകുപ്പും നാഷണൽ ഹെൽത്ത് മിഷനും സൗകര്യങ്ങളും മാനവശേഷിയും വിഭാവനം ചെയ്യുന്നു.

(ഡി) 2014-ൽ ഫെബ്രുവരി 04, ലോക കാൻസർ ദിനത്തിലാണ് ഈ പദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അഞ്ചു ജില്ലകളിലെ 77 NCD ഡോക്ടർമാർക്കും 88 സ്റ്റാഫ് നഴ്സുമാർക്കും ആർ.സി.സി.യിൽ രോഗനിർണ്ണയത്തിനുള്ള വിദഗ്ദ്ധ

LIBRARY ARCHIVES Kerala Legislative Assembly